LIBRARY ARCHIVES Kerala Legislative Assembly

ഓംബുഡ്സ്മാൻ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി

191 (1949) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ഓംബുഡ്സ്മാൻ മുമ്പാകെ ഇപ്പോൾ നിലവിലുണ്ട് ;

(സി) കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ ലഭിച്ച പരാതികളിൽ എത്ര എണ്ണം തീർപ്പ് കല്പിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരെ നൽകുന്ന അപ്പീൽ, റിവിഷൻ എന്നിവ സംബന്ധിച്ച് ട്രിബ്യൂണൽ മുമ്പാകെ എത്ര കേസുകൾ നിലവിലുണ്ട് ; ട്രിബ്യൂണലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓംബുഡ്സ്മാൻ ഓഫീസ് ബാർട്ടൺ ഹിൽ ബംഗ്ലാവിൽ നിന്നും പാളയത്തെ സാഫല്യം കോംപ്ലക്സിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഓംബുഡ്സ്മാന് മുന്നിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകൾ പരമാവധി വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പുതിയ ഓഫീസിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓംബുഡ്സ്മാൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മധ്യമേഖലയ്ക്കും ഉത്തരമേഖലയ്ക്കുമായി മണ്ഡ് ഓംബുഡ്സ്മാൻമാരെകൂടി നിയമിക്കണമെന്ന് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2011 പരാതികൾ ഇപ്പോൾ (27-12-2010 തീയതിയിൽ) ഓംബുഡ്സ്മാൻ മുമ്പാകെ നിലവിലുണ്ട്.

(സി) 2007-08 വർഷത്തിൽ (1-4-2007 മുതൽ 31-3-2008 വരെ) 1050 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. മുൻവർഷങ്ങളിലെ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന 969 കേസുകൾ ഉൾപ്പെടെ മൊത്തം 2019 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കുവന്നു. ഇതിൽ 971 കേസുകൾ തൻവർഷം തീർപ്പാക്കിയിട്ടുണ്ട്. 2008-09 വർഷത്തിൽ (1-4-2008 മുതൽ 31-3-2009 വരെ) 1454 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. മുൻവർഷങ്ങളിലെ

തീർപ്പാക്കാതിരുന്ന 881 കേസുകൾ ഉൾപ്പെടെ 2335 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കുവന്നു. ഇതിൽ 1199 കേസുകൾ തൻവർഷം തീർപ്പാക്കുകയുണ്ടായി. 2009-10 വർഷത്തിൽ (1-4-2009 മുതൽ 31-3-2010 വരെ) 2045 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി (1989 ഒ.പി.-കളും 56 സുവോ-മോട്ടോ കേസുകളും) മുൻവർഷങ്ങളിലെ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന 1136 കേസുകൾ ഉൾപ്പെടെ മൊത്തം 3181 കേസുകൾ ഇപ്രകാരം പരിഗണയ്ക്കുവന്നതിൽ 1412 കേസുകൾ തൻവർഷം തീർപ്പാക്കിയിട്ടുണ്ട്.

(ഡി) 30-11-2010 വരെയുള്ള കണക്കുകളനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ 118 കേസുകൾ പരിഗണനയിലുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചിരുന്നുവെങ്കിലും ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിന്മേൽ സമയബന്ധിതമായി തീർപ്പു കല്പിക്കാൻ ഇപ്പോഴത്തെ സംവിധാനം കൊണ്ടുതന്നെ സാധ്യമാകുന്നതിനാൽ ട്രിബ്യൂണലിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല എന്നതാണ് സർക്കാർ നിലപാട്.

കാഴ്ചക്കുറവുള്ളവർക്ക് മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് പ്രത്യേക സംവരണം

192 (1956) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഴ്ചക്കുറവുള്ളവർക്ക് മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം എത്രപേർക്ക് ഉദ്യോഗക്കയറ്റം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) കാഞ്ഞങ്ങാട് നഗരസഭയിൽനിന്നും ഇപ്രകാരം ഉദ്യോഗക്കയറ്റത്തിന് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണെന്ന് അറിയിക്കുമോ ;

(ഡി) ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ താൽക്കാലിക നിയമനത്തിനായി കാഞ്ഞങ്ങാട് നഗരസഭയിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീ. ബി. ബാലകൃഷ്ണൻ 26-10-2010 തീയതിയിൽ ഇപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly